**No. L.S.G. Flood Relief Control Room/18-IV, Dated.26.08.2018.**

## അടിയന്തര സന്ദേശം

സൂചന: ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന 26/08/2018-ലെ അവലോകന യോഗത്തിലെ തീരുമാനം

--------

1. പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ശേഖരിക്കപ്പെടുന്ന അജൈവ മാലിന്യങ്ങൾ സൂക്ഷിക്കുന്നതിലേയ്ക്ക് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഉചിതമായ ഒന്നോ രണ്ടോ സ്ഥലങ്ങൾ കണ്ടെത്തി *നാളെ (27/08/2018 തിങ്കളാഴ്ച) ഉച്ചയ്ക്ക് 12.00 മണിക്കുള്ളിൽ* സർക്കാരിനെ അറിയിക്കണമെന്ന അടിയന്തിര നിർദ്ദേശം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി/ അദ്ധ്യക്ഷന്മാർക്ക് നൽകേണ്ടതും, ആയത് കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
   സർക്കാരിൽ അറിയിക്കേണ്ട ഇ-മെയിൽ വിലാസം:
   **floodcontrollsgd@gmail.com**
2. ഓണാവധിക്കുശേഷം സ്കൂളുകൾ തുറക്കുന്നതിന് അടുത്തിരിക്കുന്നതിനാൽ, പ്രളയ ബാധിത മേഖലകളിലെ സ്കൂളുകൾ അടിയന്തരമായി ശുചീകരിക്കുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്ന് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി/അദ്ധ്യക്ഷന്മാർക്ക് അടിയന്തര നിർദ്ദേശം നൽകേണ്ടതാണ്.

അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി
തദ്ദേശ സ്വയംഭരണ വകുപ്പ്

സ്വീകർത്താവ്

1. പഞ്ചായത്ത് ഡയറക്ടർ
2. നഗരകാര്യ ഡയറക്ടർ
3. ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് (ആലപ്പുഴ/ കോട്ടയം/ പത്തനംതിട്ട/ എറണാകുളം / തൃശൂർ/ വയനാട്)

പകർപ്പ്

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. അഡീഷണൽ സെക്രട്ടറി (നഗരകാര്യം)യുടെ സി.എയ്ക്ക്
3. സ്പെഷ്യൽ സെക്രട്ടറി (ഗ്രാമം)യുടെ സി.എയ്ക്ക്